/51501457/2022

588824

"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

നംഡി.എ3/176/2021/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ)വകുപ്പ്
തിരുവനന്തപുരം,
തീയതി: 25/01/2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭ, വാർഡ് സഭ തുടങ്ങിയവ ചേരുന്നതിനുള്ള നോട്ടീസുകൾ വിതരണം ചെയ്യുന്നതിന് കുട്ടികളെ ഉപയോഗപ്പെടുത്തുവാൻ പാടുള്ളതല്ല എന്ന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവ് - സംബന്ധിച്ച്.

സൂചന:- 1. 1996-ലെ കെ പി ആർ(നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടങ്ങൾ
2. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 28/09/2021-ലെ സി.ആർ.എം.പി നമ്പർ: 1813/03/LA1/2021/KeSCPCR നമ്പർ ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭ, വാർഡ് സഭ തുടങ്ങിയവ ചേരുന്നതിനുള്ള നോട്ടീസുകൾ വിതരണം ചെയ്യുന്നതിന് കുട്ടികളെ ഉപയോഗപ്പെടുത്തുന്നത് ബാലവേല നിയമത്തിന്റെ ലംഘനമാണെന്നും അത് കുട്ടികളിൽ ശാരീരിക മാനസിക പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും ബഹു: കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിരീക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭ, വാർഡ് സഭ തുടങ്ങിയവ ചേരുന്നതിനുള്ള നോട്ടീസുകൾ വിതരണം ചെയ്യുന്നതിന് കുട്ടികളെ ഉപയോഗപ്പെടുത്തുവാൻ പാടുള്ളതല്ല എന്ന് ബഹു:കമ്മീഷൻ ഉത്തരവാകുകയുമുണ്ടായി.

ആകയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭ, വാർഡ് സഭ തുടങ്ങിയവ ചേരുന്നതിനുള്ള നോട്ടീസുകൾ വിതരണം ചെയ്യുന്നതിന് കുട്ടികളെ ഉപയോഗിക്കാൻ പാടുള്ളതല്ലയെന്നും ,1996-ലെ കെ പി ആർ(നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. നോട്ടീസുകൾ വിതരണം ചെയ്യുന്ന വേളയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മേൽ പരാമർശിത ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

/5150145/2022

ബഹു: കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻപഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (with CL)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പേഴ്സണൽ അസ്സിസ്റ്റന്റിന്